പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5650** | **02 .07.2019-ൽ മറുപടിയ്ക്ക്**

## പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതികൾ

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ**

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ സർവ്വേ നടത്തിയിട്ടുണ്ടെങ്കിൽ ഓരോ വിഭാഗത്തിന്റെയും ജില്ല തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പ് 2013-ൽ പ്രസിദ്ധീകരിച്ച സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളുടെ ജനസംഖ്യ ചുവടെ ചേർക്കുന്നു. |

| ജില്ല | പ്രാക്തന ഗോത്ര വിഭാഗം | ജനസംഖ്യ |
|---|---|---|
| കോഴിക്കോട് | കാടർ | 126 |
| | കാട്ടുനായിക്കൻ | 119 |
| പാലക്കാട് | കാടർ | 766 |
| | കാട്ടുനായിക്കൻ | 787 |
| | കുറുമ്പർ | 2251 |
| മലപ്പുറം | കാട്ടുനായിക്കൻ | 2034 |
| | ചോലനായിക്കൻ | 409 |
| തൃശ്ശൂർ | കാടർ | 1082 |
| കാസറഗോഡ് | കൊറഗ | 1644 |
| വയനാട് | കാട്ടുനായിക്കൻ | 17051 |
| ഇടുക്കി | കാട്ടുനായിക്കൻ | 4 |
| **ആകെ** | | **26273** |

| | | | |
|---|---|---|---|
| ബി) | പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി 2016-17, 2017-18, 2018-19 കാലയളവിൽ ചെലവഴിച്ച തുക | ബി) & | വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | എത്രയാണ്; ഏതെല്ലാം പ്രവർത്തികൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചത്; വിശദാംശം വെളിപ്പെടുത്തുമോ; | സി) | |
| സി) | പ്രസ്തുത പദ്ധതികളുടെ നാളിതുവരെയായിട്ടുള്ള പ്രവർത്തന പുരോഗതിയുടെ വിശദാംശം നൽകുമോ; | | |
| ഡി) | മലപ്പുറം ജില്ലയിൽ മാത്രമുള്ള പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക, പ്രവർത്തനപുരോഗതി, അവലോകന റിപ്പോർട്ട് ഇവ ലഭ്യമാക്കുമോ? | ഡി) | മലപ്പുറം ജില്ലയിൽ പ്രത്യേക ദുർബല ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |

Hari

**സെക്ഷൻ ഓഫീസർ**

**അനുബന്ധം - I**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രത്യേക ദുർബല വിഭാഗങ്ങളായ കാടർ, കുറുമ്പർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കൊറഗർ എന്നീ അഞ്ച് സമുദായങ്ങൾക്ക് നൽകിയ പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- കാസറഗോഡ് ജില്ലയിൽ കൊറഗ സമുദായത്തിനായി പ്രത്യേക മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ 2017-18 സാമ്പത്തികവർഷം പ്രവർത്തനം ആരംഭിച്ചു.
- പ്രാക്തനഗോത്രവിഭാഗക്കാർക്കായിട്ടുള്ള കൺസർവേഷൻ കം ഡവലപ്പ്മെന്റ് പ്ലാൻ (സി.ഡി.ഡി) പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതി യിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2016-17 മുതൽ സി.ഡി.ഡി യിൽ ഉൾപ്പെടുത്തി പ്രൊപ്പോസലുകൾ വർഷാവർഷം കേന്ദ്രസർക്കാരിൽ സമർപ്പിക്കുന്നുണ്ടെങ്കിലും ഫണ്ട് ലഭ്യമാക്കുന്നില്ല. എന്നിരുന്നാലും വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി പദ്ധതി നടപ്പിലാക്കുന്നുണ്ട്.
- 2017-18 സാമ്പത്തികവർഷം പ്രത്യേക ദുർബല വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിലും ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും വകുപ്പ് നടപ്പിലാക്കിയ ഗോത്രബന്ധു പദ്ധതിയിൽ പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങളിൽപ്പെട്ടവരെ മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.

കൂടാതെ പ്രത്യേക ദുർബല വിഭാഗങ്ങൾ ഉള്ള ജില്ലകളിൽ അവർക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഫീസിന്റെ പേര് | 2016-17 | 2017-18 | 2018-19 | പദ്ധതി |
|---|---|---|---|---|
| ഐ.റ്റി.ഡി.പി അട്ടപ്പാടി | 809687 | 4261363 | 800000 | ഭവന പദ്ധതി |
| ഐ.റ്റി.ഡി.പി നിലമ്പൂർ | 2835000 | 12180000 | 4480000 | ഹഡ്കോ പദ്ധതി |
| ഐ.റ്റി.ഡി.പി കൽപ്പറ്റ | 1554000 | 11268416 | 2257500 | ഭവന പദ്ധതി SCA-TSP അടിയ പണിയ പാക്കേജ് |
| ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, ചാലക്കുടി | 600000 | 600000 | 600000 | ഹഡ്കോ പി.വി.റ്റി.ജി ഭവന പദ്ധതി |
| ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, പാലക്കാട് | 6300000 | - | - | 18 ഗുണഭോക്താക്കൾ 55,25,000/- രൂപ ചെലവഴിച്ചു |
| ട്രൈബൽ ഡെവലപ്മെന്റ് | 9240000 | 21892500 | 5555000 | ഹഡ്കോ ഭവന പദ്ധതി |

| | | | | |
|---|---|---|---|---|
| ഓഫീസ്, മാനന്തവാടി | | | | |
| ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, സുൽത്താൻ ബത്തേരി | 2443900 | 13000000 | 69285639 | ഹഡ്കോ ഭവന പദ്ധതി അടിയ പണിയ പാക്കേജ് |
| ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, കാസറഗോഡ് | 5272465 | 11095661 | 4628700 | ഹഡ്കോ ഭവന പദ്ധതി അടിയ പണിയ പാക്കേജ് |
| **ആകെ** | **29055052** | **74297940** | **87606839** | |

Hari

**സെക്ഷൻ ഓഫീസർ**

**അനുബന്ധം - II**

മലപ്പുറം ജില്ലയിൽ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | 2016-17 | 2017-18 | 2018-19 | ആകെ തുക |
|---|---|---|---|---|---|
| 1 | കൈത്താങ്ങ് | 84000 | 95000 | 96000 | 275000 |
| 2 | സിക്കിൾസെൽഅനീമിയ | 0 | 15000 | 42500 | 57500 |
| 3 | ജനനി ജന്മരക്ഷ | 150000 | 240000 | 272000 | 662000 |
| 4 | HUDCO- PVTG ഭവനനിർമ്മാണം | 2835000 | 12180000 | 4480000 | 19495000 |
| **ആകെ** | | **3069000** | **12530000** | **4890500** | **20489500** |

പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു

ഹഡ്കോ, പി.വി.ടി.ജി ഭവനനിർമ്മാണ പദ്ധതിയിൽ വീട് അനുവദിച്ച 75 വീടുകളിൽ 14 വീടുകൾ പൂർത്തീകരിച്ചു. 61 വീടുകൾ പൂർത്തീകരിക്കാനുണ്ട്.

കൈത്താങ്ങ്, ജനനിജന്മരക്ഷാ, സിക്കിൾസെൽ അനീമിയ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് . തുടർന്നും തുക അനുവദിച്ചുകൊിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1 | കൈത്താങ്ങ് | 10 | 507000 |
| 2 | സിക്കിൾസെൽ അനീമിയ | 2 | 72500 |
| 3 | ജനനിജന്മരക്ഷ | 57 | 1033000 |
| 4 | ഭവനനിർമ്മാണം | 204 | 14,24,20,000 |

Hari

**സെക്ഷൻ ഓഫീസർ**